# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1381** **30.09.2011- ൽ മറുപടിക്ക്**

## മലപ്പുറം ജില്ലയിലെ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ ഒട്ടാകെ എത്ര കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) മലപ്പുറം ജില്ലയിൽ 301 കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഉണ്ട്. |
| (ബി) ഇതിൽ 143 കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. ആഗസ്റ്റ് മാസം അവസാന വാരത്തോടെയാണ് 143 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ വന്നത്. പ്രസ്തുത ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) ഇത് ജില്ലയിലെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന രൂക്ഷമായ പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഇല്ലാത്ത കൃഷിഭവനുകൾ എത്ര എണ്ണം; അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; | (ഡി) മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക അനുവദിച്ചിട്ടില്ലാത്ത 7 കൃഷി ഭവനുകളുണ്ട്. കൃഷി ഭവൻ - മംഗലം, പെരുമണ്ണ്ക്ലാരി, നിറമരുതൂർ, പെരുവള്ളൂർ, കണ്ണമംഗലം, ചോക്കാട്, പുഴക്കൽ. |
| (ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിര | (ഇ) കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല എന്ന് പി.എസ്.സി. അറിയിച്ചതിന്റെ അടിസ്ഥാന- |

നിയമനം നടത്തുന്നതിനും തസ്തിക ഇല്ലാത്ത കൃഷിഭവനുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി അസിസ്റ്റന്റുമാരെ താൽക്കാലികമായി നിയമിക്കുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. തസ്തിക ഇല്ലാത്ത കൃഷിഭവനുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ